ശിവഗിരി എസ്.എൻ.എൽ.പി. സ്കൂൾ

39 (578)ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗീകാരമുള്ള അൺഎയിഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(ബി) ശിവഗിരി എസ്.എൻ.എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ സ്കൂൾ അപ്ഗ്രേഡ് ചെയ്ത് അഞ്ചാം ക്ളാസ് അനുവദിക്കാനും തുടർന്നുള്ള വർഷങ്ങളിൽ ഉയർന്ന ക്ളാസ്സുകൾ അനുവദിക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തല്ക്കാലം പരിഗണനയിലില്ല.

(ബി) ഉണ്ട്.

(സി) പുതിയ സ്കൂളുകൾ തുടങ്ങുന്നതിനും അപ്ഗ്രേഡ് ചെയ്യുന്നതിനും നയപരമായ തീരുമാനമൊന്നും ഇപ്പോൾ സർക്കാർ കൈക്കൊണ്ടിട്ടില്ലാത്തതിനാൽ ശിവഗിരി എസ്.എൻ.എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം പരിഗണിക്കാൻ നിർവാഹമില്ല.

സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ നിയമനം

40 (580) ശ്രീ. പി. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ നിയമന വ്യവസ്ഥകൾ ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വ്യവസ്ഥകൾ എന്നാണ് നിർത്തലാക്കിയത് എന്ന് വ്യക്തമാക്കുമോ;

(ബി) സ്വകാര്യ സ്കൂളുകളിലെ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ നിയമനങ്ങൾ അംഗീകരിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) കെ. ഇ. ആറിൽ സ്പെഷ്യലിസ്റ്റ് അധ്യാപക നിയമനം സംബന്ധിച്ച് വ്യവസ്ഥയുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) കായിക, കലാ അധ്യാപകരെ സ്കൂളിൽ നിയമിക്കണമെന്ന് സർക്കാരിന് പദ്ധതിയുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.ഇ. ആറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നിയമിക്കുന്നവരുടെ നിയമനം അംഗീകരിക്കേണ്ടതില്ലെന്ന് 22.8.89-ലെ സ.ഉ. (എം.എസ്) നം.154/89/പൊ.വി.പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പദ്ധതിയൊന്നും ഇപ്പോൾ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly